സൗജന്യ റേഷൻ നൽകാൻ പദ്ധതി

5 (828) ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലം ആരംഭിച്ചതോടുകൂടി ഗിരിജനങ്ങളിൽപ്പെടുന്നവർക്ക് തൊഴിൽ ലഭിക്കുകയോ വനോൽപ്പന്നങ്ങൾ ശേഖരിച്ചുവിൽക്കുകയോ ചെയ്യാൻ കഴിയാത്തതുകൊണ്ട് പട്ടിണിയെ അഭിമുഖീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽപ്പെട്ടവർക്ക് സൗജന്യറേഷൻ കൊടുക്കുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് എന്തെല്ലാം പരിപാടികളുണ്ട് ;

(സി) ഈ പരിപാടി പ്രകാരം ഈ വർഷത്തെ കാലവർഷക്കാലത്ത് എത്ര കുടുംബങ്ങൾക്ക് സൗജന്യറേഷൻ നൽകി എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പട്ടിണി ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി&സി) മഴക്കാലത്ത് സൗജന്യ റേഷൻ നൽകുന്ന പദ്ധതി അതാത് ജില്ലാ കളക്ടർമാരാണ് ആവശ്യമനുസരിച്ച് നടപ്പിലാക്കുന്നത്. എന്നാൽ മഴക്കാലത്ത് തൊഴിലില്ലാതെ കഷ്ടപ്പെടുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിലും ഭക്ഷണവും നൽകുന്ന ഭക്ഷണസഹായ പദ്ധതി (ഫുഡ് സപ്പോർട്ട് പ്രോഗ്രാം) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നിലവിലുണ്ട്. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലഘട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുള്ള 45 ലക്ഷം രൂപ വിവിധ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിന് അനുവദിക്കുന്ന ഫണ്ട്

6 (829) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി അനുവദിക്കുന്ന ഫണ്ട് വകമാറ്റി ചെലവഴിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഫണ്ട് വകമാറ്റി ചെലവഴിച്ചാൽ ആവശ്യമായ നടപടികൾ സ്വീകരിക്കും.

(സി) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നിലവിലുണ്ടായിരുന്ന പദ്ധതികൾ വിപുലീകരിച്ചതിനുപുറമേ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു . †

സ്പോർട്സ് അഭിരുചി ഉള്ളവരെ പ്രോത്സാഹിപ്പിക്കാൻ നടപടി

7 (830) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെ ഇടയിൽ സ്പോർട്സ് അഭിരുചി ഉള്ളവരെ പ്രോത്സാഹിപ്പിച്ച് അവരുടെയിടയിൽ നിന്ന് നല്ല സ്പോർട്സ്മാൻമാരെ വളർത്തിയെടുക്കുവാൻ ഗവൺമെന്റിനു എന്തെല്ലാം പരിപാടികളുണ്ട് ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ ഗണത്തിൽപ്പെട്ട എത്രപേരെ വളർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെയിടയിൽ സ്പോർട്സ് അഭിരുചിയുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. ഇപ്രകാരം കോച്ചിംഗ് ക്യാമ്പ് നടത്തി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും മൊത്തം 30 കുട്ടികളെ തെരഞ്ഞെടുത്ത് തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് സ്പോർട്സ് ഹോസ്റ്റലിൽ പ്രവേശനം നൽകുന്നു. തിരുവനന്തപുരത്ത് ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കുമായി ഓരോ പ്രീമെട്രിക് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. ഇവിടെ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് അവരുടെ കായിക കഴിവ് വർദ്ധിപ്പിക്കുന്നതിനായി ഓരോ പരിശീലകനെവീതം നിയമിച്ച് പരിശീലനം നൽകിവരുന്നു. ഈ വിദ്യാർത്ഥികൾക്ക് താമസം, ഭക്ഷണം, വൈദ്യ സഹായം രണ്ട്ജോടി സ്കൂൾ യൂണിഫോം, സ്പോർട്സ് ഡ്രസ്സും ഉപകരണങ്ങളും നൽകിവരുന്നു. കൂടാതെ ആഴ്ചയിൽ 3 ദിവസം 1 മണിക്കൂർ വീതം കരാട്ടേ പരിശീലനവും നൽകി വരുന്നുണ്ട്. സ്പോർട്സ് ഹോസ്റ്റലിൽ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്കായി കായികയുവജനകാര്യ വകുപ്പ് കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക കായിക മത്സരം ജില്ലാ സംസ്ഥാന തലങ്ങളിൽ നടത്തുന്നുണ്ട്.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-V

[27-6-2000 - ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6 (829) ദയവായികാണുക]

1. ലംപ്സംഗ്രാന്റ് സ്റ്റൈപെന്റ്, മെസ് അലവൻസ്, യൂണിഫോം അലവൻസ് എന്നിവ വർദ്ധിപ്പിച്ചു.

2. ആനുകൂല്യങ്ങൾ നൽകാനുണ്ടായിരുന്ന കാലതാമസം ഒഴിവാക്കി.

3. അട്ടപ്പാടി, കൽപ്പറ്റ, മൂന്നാർ, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ്, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചു.

4. തിരുവനന്തപുരത്തും വയനാട്ടിലുമുള്ള മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ പ്ലസ് ടൂ തലത്തിലേയ്ക്കുയർത്തി.

5. മഞ്ചേരിയിലെ ആശ്രമം സ്കൂൾ അപ്പർ പ്രൈമറി തലത്തിലേയ്ക്കും നൂൽപുഴയിലേത് ഹൈസ്ക്കൂൾ തലത്തിലേയ്ക്കും ഉയർത്തി.

6. മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന്റെ പണി ആരംഭിച്ചു.

7. വയനാട്, പുനലൂർ, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിൽ ഓരോ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനും നടപടികൾ കൈക്കൊണ്ടു.

8. വിദേശ രാജ്യങ്ങളിൽ ഉന്നത പഠനത്തിന് 1.5 ലക്ഷം രൂപ പലിശ രഹിതവായ്പ.

9. എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ പദ്ധതി.

10. ഒന്നാം ക്ലാസ്സോടെ വിജയിക്കുന്ന എസ്.എസ്.എൽ.സി പ്രീഡിഗ്രി വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം.

11. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയൽ പദ്ധതി.

12. 41 വ്യവസായ പരിശീലന കേന്ദ്രങ്ങളെയും എൻ.സി.വി.റ്റി അംഗീകരിക്കുന്നതിന് യോഗ്യമാക്കി 15 എണ്ണത്തിനും അംഗീകാരം ശുപാർശ ചെയ്യപ്പെട്ടു.

13. ഐ.ടി.ഐ., ഐ. ടി. സി ട്രേഡുകാർക്ക് പ്രത്യേക അപ്രന്റീസ്ഷിപ്പ് പദ്ധതി.

14. നിയമ ബിരുദധാരികൾക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിച്ചു.

15. ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാനുള്ള പദ്ധതി.

16. സുവർണ്ണ ജൂബിലി മൈത്രീ ഭവന പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

17. ഭവനനിർമ്മാണ ഗ്രാന്റ് 35,000 രൂപയായും പുനരധിവാസ പദ്ധതി സഹായം 50,000 രൂപയായും വർദ്ധിപ്പിച്ചു.

18. പുറംപോക്കു പുനരധിവാസ പദ്ധതി.

19. വീടുകളുടെ അറ്റകുറ്റ പണികൾക്ക് 10000 രൂപ വരെ സഹായം നൽകാനുള്ള പദ്ധതി.

20. വകുപ്പു മന്ത്രിയുടെ പേരിൽ ദുരിതാശ്വാസ നിധി.

21. 50 സെന്റ് വരെ കൃഷി ഭൂമി വാങ്ങി നൽകാനുള്ള കൃഷി ഭൂമി വായ്പാ പദ്ധതി.

22. മിശ്രവിവാഹിതർക്കും, അതിക്രമങ്ങൾക്കിരയാകുന്നവർക്കുമുള്ള സഹായം വർദ്ധിപ്പിച്ചു.

23. പട്ടികവർഗ്ഗക്കാർക്ക് അട്ടപ്പാടി, ഇടുക്കി എന്നിവിടങ്ങളിൽ ആരോഗ്യ പദ്ധതി.

24. പട്ടികവർഗ്ഗ മേഖലകളിൽ സോഷ്യൽ ആക്റ്റിവിറ്റീസുകളുടേയും ഹെൽപ്പ് വോളണ്ടിയർമാരുടേയും നിയമനം.

25. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിച്ചു. ഇടുക്കി, കാസർഗോഡ്, എറണാകുളം എന്നിവിടങ്ങളിൽ ജില്ലാ ഓഫീസുകൾ.

അനുബന്ധം-VI

[27-6-2000-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 16 (839) ദയവായി കാണുക]

സ്വന്തമായി സ്ഥലംവാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം ലഭിച്ച പട്ടികജാതിക്കാരുടെ ജില്ല തിരിച്ചുള്ള വിവരം

തിരുവനന്തപുരം	1150
കൊല്ലം	1090
പത്തനംതിട്ട	421
ആലപ്പുഴ	480
കോട്ടയം	473
ഇടുക്കി	399
എറണാകുളം	725

LIBRARY ARCHIVES Kerala Legislative Assembly